# വേറിട്ട വിദ്യാഭ്യാസ പരിക്ഷണങ്ങളുടെ കഥ

അറിവിന്റെ മേഖലയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ബദൽ വിദ്യാഭ്യാസം. പൊതു വിദ്യാഭ്യാസ തത്വങ്ങളിൽ നിന്ന് ഒക്കെ അകന്ന്, എന്നാൽ, അറിവ് നേടുന്ന കാര്യത്തിൽ ഒട്ടും വിട്ടുവിഴ്ചയില്ലാത്ത സമ്പ്രദായങ്ങളാണ് ബദൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൈക്കൊള്ളുന്നത്. പലപ്പോഴും സംശയത്തിന്റെ നിഴലിലാകാറുണ്ട് ഇത്തരം സ്ഥാപനങ്ങൾ. വിദ്യാഭ്യാസ രീതികൾ സംബന്ധിച്ച പൊതു സമൂഹത്തിന്റെ കാഴ്ചപ്പാട് മാത്രമാണ് ഈ സംശയത്തിന്റെ കാരണമെന്നു കാണാനാകും. നിരവധി പ്രതികൂലാവസ്ഥകളെ നേരിട്ടുകൊണ്ട് വ്യത്യസ്തമായ പാതയിൽ ചലിക്കുന്ന ഈ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ വെട്ടിത്തുറന്നിട്ടുള്ളത് വിപ്ലവകരമായ മാറ്റത്തിന്റെ പാതകളാണ്. ഇത്തരം സ്ഥാപനങ്ങളെ കുറിച്ചുള്ള ഒരു പഠന സമാഹാരമാണ് ജാനകി നായർ എഡിറ്റ് ചെയ്ത അൺ/കോമൺ സ്കൂളിങ്.




ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യയിലെ വിദ്യാഭ്യാസ പരിക്ഷണങ്ങളുടെ വിശകലനമാണ് ഈ പുസ്തകത്തിൽ. ബ്രിട്ടീഷ് ഭരണകർത്താക്കൾ നടപ്പിലാക്കിയ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് വലിയ മറ്റമൊന്നും ഇനിയും ഇന്ത്യയിൽ വന്നിട്ടില്ല. ഗാന്ധിജിയും രവീന്ദ്ര നാഥ ടാഗോറുമൊക്കെ മുന്നോട്ടു വച്ച വിദ്യാഭ്യാസ രീതി സ്വതന്ത്ര ഇന്ത്യയിൽ വിസ്മൃതിയിലേക്കു മാഞ്ഞു. എന്നാൽ, അതിന്റെ ചുവടു പിടിച്ച് വ്യത്യസ്തമായ വിദ്യാലയങ്ങൾ ഇന്ത്യയിൽ പലയിടത്തും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പലതും ഗ്രാമീണ മേഖലയിലാണ്. ഈ സ്കൂളുകളെ മുന്നോട്ടു നയിക്കുന്ന അടിസ്ഥാന തത്വങ്ങളെയും മൂല്യങ്ങളെയും ഈ പുസ്തകത്തിൽ അവലോകനം ചെയ്യുന്നു. സമാന്തര വിദ്യാഭ്യാസമെന്നാലെന്ത്? അറിവും നൈപുണ്യവും എങ്ങനെ വ്യാഖ്യാനം ചെയ്യപ്പെടുന്നു എന്നീ കാര്യങ്ങൾ വിവരിക്കുന്നതിലൂടെ ഈ രംഗത്തെ ചില സ്ഥാപനങ്ങളുടെ ആവേശകരമായ കഥയും അനാവരണം ചെയ്യപ്പെടുന്നു. കെ.ജെ. ബേബിയുടെ നേതൃത്വത്തിൽ വയനാട്ടിലുള്ള കനവ് സ്കൂളും ഇതിൽ ഇടം പിടിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം, വികസനോന്മുഖ പഠനം, പൊതു നയം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് മികച്ച അറിവു പകരുന്നു ഈ പുസ്തകം.

*അൺ/കോമൺ സ്കൂളിങ്*
*എഡിറ്റർ: ജാനകി നായർ*
*ഓറിയന്റ് ബ്ലാക് സ്വാൻ, ഹൈദരാബാദ്*
*വില: 1145 രൂപ*

**The story of experiments in alternative education**

Alternative education is a much-discussed topic in the field of knowledge. The principles followed by institutions of alternative education, though far removed from the common system of education, are nevertheless uncompromising in their objective of imparting knowledge. These institutions are often viewed with suspicion. It may be seen that the only reason for such distrust is the public perception about education. Traversing uncommon paths, such institutions have brought about revolutionary changes in the field of education despite the many unfavourable conditions they have had to face. *Un/Common Schooling*, edited by Janaki Nair, is a study of educational establishments that follow the uncommon path.

The book contains an analysis of twentieth-century educational experiments. Even today, not much has changed in the education practices introduced by the British in India. The methods introduced by Gandhiji and Rabindranath Tagore in independent India have long been forgotten. However, some institutions do exist in India that follow their steps, mostly in rural settings. The principles and values adopted by such schools are analysed in this book. What is standard education? How to interpret knowledge and skill? The experiences of Kanav School in Wayanad, guided by K J Baby, also finds a place in this collection that explores answers to such questions through inspiring stories of alternative schools.

This book will be invaluable to those working in the areas of developmental studies, public policy and related fields.

**Un/Common Schooling**
Edited by **Janaki Nair**
Orient BlackSwan, Hyderabad
Price: ₹ 1145